**ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ ഒരു സംവിധാനത്തിൻ കീഴിലാക്കാൻ നടപടി**

15 (*282) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ ഒരു സംവിധാനത്തിൻ കീഴിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇത് എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഇത്തരത്തിലൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപരിപഠനത്തിന് പോകാൻ കഴിയാത്ത കുട്ടികളെ സഹായിക്കുവാനുള്ള പദ്ധതി**

16 (*283) ശ്രീ. എ. സുജനപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ശേഷം സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപരിപഠനത്തിന് പോകാൻ കഴിയാത്ത മിടുക്കന്മാരായ കുട്ടികളെ സഹായിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് ;

(ബി) ഇത്തരക്കാർക്ക് ഫീസ്, പുസ്തകങ്ങൾ, താമസച്ചെലവ് മുതലായവ നൽകുവാൻ പര്യാപ്തമായ വിധത്തിലുള്ള എന്തെങ്കിലും സ്കോളർഷിപ്പ് നിലവിലുണ്ടോ ;

(സി) നിലവിലുള്ള ഗവൺമെന്റ് സ്കോളർഷിപ്പുകളുടെ പൂർണ്ണ വിവരം നൽകുമോ ;

(ഡി) ഇത്തരക്കാരെ സഹായിക്കുവാൻ നിലവിൽ പദ്ധതികളില്ലാത്ത പക്ഷം സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് മുഴുവൻ കൊടുക്കാൻ പറ്റുന്ന സ്കോളർഷിപ്പ് പദ്ധതിക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly